ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE:11-09-2024**

## പ്രധാനവാർത്തകൾ

1. ഹരിത ഹൈഡ്രജൻ പ്രോത്സാഹിപ്പിക്കുന്നതിന് അന്താരാഷ്ട്ര തലത്തിൽ പങ്കാളിത്തം ആവശ്യമാണെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി.
2. ഓണത്തിനൊരു മുറം പച്ചക്കറി പദ്ധതിയുടെ വിളവെടുപ്പ് ഉദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ തിരുവനന്തപുരത്ത് നിർവ്വഹിച്ചു.
3. തൊഴിൽ മേഖലയ്ക്ക് സംസ്ഥാന സർക്കാർ പൂർണ പിന്തുണ നൽകുന്നതായി മന്ത്രി ഒ ആർ കേളു.
4. അഞ്ച് സംസ്ഥാനങ്ങളിലെ ധനമന്ത്രിമാർ പങ്കെടുക്കുന്ന കോൺക്ലേവ് നാളെ തിരുവനന്തപുരത്ത് നടക്കും. മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്യും.
5. ഏഷ്യൻ ചാമ്പ്യൻസ് ഹോക്കി ടൂർണമെൻറിലെ മൂന്നാം മത്സരത്തിൽ ഇന്ത്യൻ പുരുഷ ടീം ഇന്ന് മലേഷ്യയെ നേരിടും.

=================================

RNU TVPM

## പ്രധാനമന്ത്രി - ഹരിത ഹൈഡ്രജൻ

കാർബൺ മുക്തമാക്കാൻ ഹരിത ഹൈഡ്രജൻ പ്രോത്സാഹിപ്പിക്കുന്നതിന് അന്താരാഷ്ട്ര തലത്തിൽ പങ്കാളിത്തം ആവശ്യമാണെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. ഹരിത ഹൈഡ്രജനുമായി ബന്ധപ്പെട്ട അന്താരാഷ്ട്ര സമ്മേളനത്തെ വിദൂര- ദൃശ്യ സംവിധാനത്തിലൂടെ അഭിസംബോധന ചെയ്യുകയായിരുന്നു പ്രധാനമന്ത്രി. ഉത്പാദനം വർദ്ധിപ്പിക്കൽ, ചെലവ് കുറയ്ക്കൽ, അടിസ്ഥാന സൗകര്യം ഉറപ്പാക്കൽ എന്നിവയ്ക്ക് ആക്കം കൂട്ടാൻ പരസ്പര സഹകരണത്തിലൂടെ സാധി ക്കുമെന്നും ശ്രീ മോദി പറഞ്ഞു. ശുദ്ധവും ഹരിതാഭവുമായ പരിസ്ഥിതി കാത്തുസൂക്ഷിക്കാൻ ഇന്ത്യ പ്രതിജ്ഞാബദ്ധമാണെന്നും പ്രധാനമന്ത്രി വ്യക്തമാക്കി.

==================================

## ഏഷ്യാ പസഫിക് മന്ത്രിതല സമ്മേളനം

സിവിൽ ഏവിയേഷൻ സംബന്ധിച്ച രണ്ടാമത് ഏഷ്യാ പസഫിക് മന്ത്രിതല സമ്മേളനം ന്യൂഡൽഹിയിലെ ഭാരത് മണ്ഡപത്തിൽ ഇന്ന് ആരംഭിക്കും. അന്താരാഷ്ട്ര സിവിൽ ഏവിയേഷൻ ഓർഗനൈസേഷനും വ്യോമയാന മന്ത്രാലയവും ചേർന്നാണ് രണ്ട് ദിവസത്തെ പരിപാടി സംഘടിപ്പിക്കുന്നത്.

==================================

## ഓണത്തിനൊരു മുറം പച്ചക്കറി

കേരളത്തിൽ കൃഷി വകുപ്പിൻറെ ഓണത്തിനൊരു മുറം പച്ചക്കറി പദ്ധതിയുടെ വിളവെടുപ്പ് ഉദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ സെക്രട്ടറിയേറ്റ് അങ്കണത്തിൽ നിർവ്വഹിച്ചു. മന്ത്രിമാരായ പി പ്രസാദ്, വി എൻ

PNU TVPM

വാസവൻ, ജെ ചിഞ്ചുറാണി, ഒ ആർ കേളു, റോഷി അഗസ്റ്റിൻ, കെ രാജൻ തുടങ്ങിയവർ പങ്കെടുത്തു. സംസ്ഥാനത്തെ ഭക്ഷ്യ സ്വയം പര്യാപ്തതയിൽ എത്തിക്കുക എന്ന ലക്ഷ്യത്തോടെ കൃഷിവകുപ്പ് നടപ്പാക്കി വരുന്ന ബൃഹത് പദ്ധതിയാണ് ഓണത്തിനൊരുമുറം പച്ചക്കറി.

=================================

## <u>ഓണസമൃദ്ധി -കർഷകചന്തകൾ</u>

കൃഷിവകുപ്പിൻറെ ഓണസമൃദ്ധി കർഷക ചന്തകൾക്ക് തുടക്കമായി. കർഷകച്ചന്തകളിൽ നിന്ന് ഈ മാസം 14 വരെ നാടൻ-ജൈവ പഴം-പച്ചക്കറികളും അനുബന്ധ ഉത്പന്നങ്ങളും വിലക്കുറവിൽ വാങ്ങാം. 2000 കർഷക ചന്തകളാണ് സംസ്ഥാനത്തുടനീളം സജ്ജമാക്കിയിരിക്കുന്നത്. നാടൻ ഉത്പന്നങ്ങൾക്ക് മൊത്ത വ്യാപാര വിലയേക്കാൾ 10 ശതമാനവും ജൈവ ഉത്പന്നങ്ങൾക്ക് 20 ശതമാനവും അധിക വില നൽകിയാണ് കർഷകരിൽ നിന്ന് സംഭരിക്കുന്നത്. വിഷരഹിത പച്ചക്കറി വിപണനം ന്യായവിലയ്ക്ക് ഉറപ്പാക്കുന്ന ഹോർട്ടികോർപ്പിൻറെ സഞ്ചരിക്കുന്ന വിൽപനശാലയും പ്രവർത്തിക്കുന്നുണ്ട്.

RNUTVPM

=================================

## <u>കോഴിക്കോട് (ഇൻട്രോ)</u>

ഓണത്തോട് അനുബന്ധിച്ച് കോഴിക്കോട് ജില്ലയിൽ ക്ഷീര വികസന വകുപ്പിൻറെ സൗജന്യ പാൽ പരിശോധനാ ക്യാമ്പ് ആരംഭിച്ചു. ഈമാസം 14 വരെ പൊതുജനങ്ങൾക്ക് പാലിൻറെ ഗുണനിലവാരം പരിശോധിക്കാം.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി കോഴിക്കോട് ജില്ലാ പ്രതിനിധി **നസീർ ബാബു....**

(വോയിസ്)

=================================

## ഒ.ആർ.കേളു

സ്വയംതൊഴിൽ പ്രോത്സാഹിപ്പിക്കുന്ന വിവിധ പദ്ധതികളിലൂടെ കൂടുതൽ ജോലി സാധ്യതകൾ ലഭ്യമാക്കിയുള്ള ക്ഷേമപ്രവർത്തനങ്ങൾക്കാണ് സംസ്ഥാന സർക്കാർ മുൻഗണന നൽകുന്നതെന്ന് മന്ത്രി ഒ ആർ കേളു. തൊഴിൽ മേഖലയ്ക്ക് പരിപൂർണ്ണ പിന്തുണയാണ് സർക്കാർ നൽകി വരുന്നത്. അടഞ്ഞുകിടക്കുന്ന ഫാക്ടറികൾ തുറക്കാനും വേതന വർദ്ധനവിനും വേണ്ടിയുള്ള തീരുമാനങ്ങൾ സർക്കാർ കൈകൊണ്ടിട്ടുണ്ടെന്നും അദ്ദേഹം വ്യക്തമാക്കി. കൊല്ലം ജില്ലയിലെ KSCDC കൊട്ടിയം ഫാക്ടറി നമ്പർ ഒന്നിൽ തൊഴിലാളികൾക്കുള്ള ബോണസ് വിതരണം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. വയനാട് ദുരന്ത പശ്ചാത്തലത്തിൽ ഇത്തവണ ഓണാഘോഷമില്ലെങ്കിലും തൊഴിലാളികൾക്കുള്ള ബോണസ്, അഡ്വാൻസ് എന്നിവ നൽകുന്നതിൽ യാതൊരു മാറ്റമുണ്ടായിട്ടില്ലെന്നും ശ്രീ ഒ ആർ കേളു പറഞ്ഞു.

RNU TVPM

=================================

## ധനമന്ത്രിമാരുടെ കോൺക്ലേവ്

അഞ്ച് സംസ്ഥാനങ്ങളിലെ ധനമന്ത്രിമാർ പങ്കെടുക്കുന്ന കോൺക്ലേവ് നാളെ തിരുവനന്തപുരത്ത് നടക്കും. പതിനാറാം ധനകാര്യ കമ്മീഷനുമായി ബന്ധപ്പെട്ട നിലപാടുകൾ തീരുമാനിക്കുന്നതിനായാണ് യോഗം. കോൺക്ലേവ് മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും. ധനകാര്യ മന്ത്രി കെ.എൻ.ബാലഗോപാൽ അധ്യക്ഷനാകും. തെലങ്കാന, കർണാടക, പഞ്ചാബ്, തമിഴ്നാട് സംസ്ഥാനങ്ങളിലെ മന്ത്രിമാർ പങ്കെടുക്കും. പ്രതിപക്ഷ നേതാവ് വി ഡി സതീശൻ, കേന്ദ്ര സർക്കാരിൻറെ മുൻ

സാമ്പത്തിക ഉപദേഷ്ടാവ് ഡോ. അരവിന്ദ് സുബ്രഹ്മണ്യൻ, മുൻ മന്ത്രി ടി എം തോമസ് ഐസക്, കേരള സംസ്ഥാന ആസൂത്രണ ബോർഡ് വൈസ് ചെയർമാൻ പ്രൊഫ. വി കെ രാമചന്ദ്രൻ തുടങ്ങിയവർ വിശിഷ്ടാതിഥികളാകും.

====================================

## എൽ.ഡി.എഫ് യോഗം

ഇടതു മുന്നണി യോഗം ഇന്ന് തിരുവനന്തപുരത്ത് ചേരും. വൈകുന്നേരം 4 മണിക്ക് എ കെ ജി സെന്ററിലാണ് യോഗം. ഇ പി ജയരാജനെ കൺവീനർ സ്ഥാനത്ത് നിന്ന് മാറ്റുകയും ടി പി രാമകൃഷ്ണനെ ഇടതുമുന്നണി കൺവീനറാക്കുകയും ചെയ്ത ശേഷമുള്ള ആദ്യ യോഗം കൂടിയാണിത്. എ ഡി ജി പി അജിത് കുമാറിനെതിരെയുള്ള ആരോപണങ്ങൾ യോഗത്തിൽ ചർച്ചാ വിഷയമായേക്കും. മുന്നണിയിലെ വിവിധ വിഷയങ്ങളും യോഗത്തിൽ ചർച്ച ചെയ്യും.

RNUTVPM

====================================

## ആലപ്പുഴ- അന്വേഷണം

ആലപ്പുഴ കലവൂരിൽ സ്ത്രീയുടെ മൃതദേഹം കുഴിച്ചുമൂടിയ നിലയിൽ കണ്ടെത്തിയ സംഭവത്തിൽ പോലീസ് അന്വേഷണം ഊർജ്ജിതമാക്കി.എറണാകുളം കടവന്ത്ര സ്വദേശിനിയായ വയോധിക, സുഭദ്രയുടെ മൃതദേഹമാണെന്നാണ് പ്രാഥമിക നിഗമനം. 73 കാരിയായ സുഭദ്രയെ കഴിഞ്ഞ നാലിനാണ് കാണാതായത് . സുഭദ്രയുടെ പരിചയക്കാരിയും, ഭർത്താവും താമസിക്കുന്ന വീടിന്റെ പരസരത്തു നിന്നാണ് മൃതദേഹം കണ്ടെത്തിയത്. മൊബൈൽ ഫോൺ കേന്ദ്രീകരിച്ച് നടത്തിയ പരിശോധനയിൽ, സുഭദ്ര അവസാനം എത്തിയത്

കലവൂരാണെന്ന് കണ്ടെത്തി. കൊച്ചി കടവന്ത്രയിൽ നിന്ന് കാണാതായ സുഭദ്ര എങ്ങനെ ആലപ്പുഴ കലവൂരിൽ എത്തിയെന്നാണ് പ്രധാനമായും പരിശോധിക്കുന്നത്. ആരാണ് കൊലപ്പെടുത്തിയതെന്നും എന്തായിരുന്നു അവരുടെ ലക്ഷ്യമെന്നും പൊലീസ് പരിശോധിക്കുന്നു.

==================================

## ഗാന്ധിഭവൻ-ആർ.ബിന്ദു

ഉപേക്ഷിക്കപ്പെടുന്ന മനുഷ്യർക്ക് താങ്ങും തണലുമായി എന്നും സർക്കാറുണ്ടാവുമെന്ന് മന്ത്രി ആർ ബിന്ദു പറഞ്ഞു. തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ നിരാലംബരായ 12 പേരെ ഏറ്റെടുത്ത് പുനരധിവസിപ്പിക്കുന്നതിനായി പത്തനാപുരം ഗാന്ധിഭവൻ ഇന്റർനാഷണൽ ട്രസ്റ്റിന് കൈമാറുന്ന ചടങ്ങിൽ സംസാരിക്കുകയായിരുന്നു മന്ത്രി. തനിച്ചല്ല നിങ്ങൾ, ഒപ്പമുണ്ട് ഞങ്ങൾ എന്നതാണ് സാമൂഹികനീതി വകുപ്പിന്റെ മുദ്രാവാക്യമെന്നും ആരും ഈ ലോകത്ത് ഒറ്റയല്ല എന്ന് ഉറക്കെപ്പറയേണ്ട ബാധ്യത നമുക്കുണ്ടെന്നും മന്ത്രി പറഞ്ഞു. അസുഖങ്ങൾ ഭേദമായ ശേഷവും വീട്ടിലേക്ക് മടങ്ങിപ്പോകാനാവാത്ത ഒട്ടേറെപേർ ആശുപത്രികളിൽ തങ്ങുന്ന സാഹചര്യത്തിലാണ് അത്തരം രോഗികളുടെ സമ്പൂർണമായ പുനരധിവാസം ഏറ്റെടുക്കണമെന്ന് വകുപ്പ് തീരുമാനമെടുത്തതെന്നും മന്ത്രി അറിയിച്ചു.

PNUTVPM

==================================

## സഖി - ഡോർമറ്ററി

കെ.എസ്.എഫ്.ഡി.സിയുടെ നേതൃത്വത്തിൽ തമ്പാനൂർ കൈരളി, ശ്രീ, നിള തിയറ്റർ കോംപ്ലക്സിൽ ഒരുക്കിയ സഖി ഡോർമറ്ററിയുടെ ഉദ്ഘാടനം മന്ത്രി സജി ചെറിയാൻ ഇന്ന്

നിർവഹിക്കും. മന്ത്രി വീണ ജോർജ്ജ് ഡോർമറ്ററിയുടെ ആദ്യ ഓൺലൈൻ ബുക്കിംഗ് നടത്തും. 24 മണിക്കൂർ ചെക്കൗട്ട് വ്യവസ്ഥയിൽ 500 രൂപയും ജി.എസ്.ടിയും നിരക്കിൽ ഇവിടെ താമസ സൗകര്യം ലഭിക്കും. എയർ കണ്ടീഷൻഡ് ആയ ഡോർമറ്ററിയിൽ 12 ബെഡ്ഡുകളാണ് സജ്ജീകരിച്ചിരിക്കുന്നത്.

=================================

## പോലീസ് തലപ്പത്ത് അഴിച്ചുപണി

സംസ്ഥാനത്ത് പൊലീസ് തലപ്പത്ത് അഴിച്ചുപണി. IG, C.H നാഗരാജുവിനെ ഗതാഗത കമ്മീഷണറായി നിയമിച്ചു. കൊച്ചി സിറ്റി പൊലീസ് കമ്മീഷണർ എസ്.ശ്യാം സുന്ദറാണ് പുതിയ ദക്ഷിണാമേഖലാ ഐ.ജി. പൊലീസ് ഹൗസിംഗ് ആൻഡ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ എം.ഡിയുടെ അധിക ചുമതലയും അദ്ദേഹം വഹിക്കും. പുട്ട വിമലാദിത്യയാണ് പുതിയ കൊച്ചി കമ്മീഷണർ. ട്രാൻസ്പോർട്ട് കമ്മീഷണർ എ.അക്ബറിനെ എറണാകുളം ക്രൈം ബ്രാഞ്ച് ഐ.ജി യായി നിയമിച്ചു. മലപ്പുറം ജില്ലാ പൊലീസ് മേധാവി എസ്.ശശിധരനെ വിജിലൻസ് എറണാകുളം റെയ്ഞ്ച് എസ്.പി.യായി സ്ഥലം മാറ്റി. A.I.G ആർ. വിശ്വനാഥാണ് പുതിയ മലപ്പുറം S.P. മലപ്പുറം ജില്ലയിലെ എട്ട് D.Y.S.P മാരെയും സ്ഥലം മാറ്റിയിട്ടുണ്ട്.

RNU TVPM

=================================

## ഏഷ്യൻ ചാമ്പ്യൻഷിപ്പ് ഹോക്കി

ഏഷ്യൻ ചാമ്പ്യൻസ് ഹോക്കി ടൂർണമെൻ്റിലെ മൂന്നാം മത്സരത്തിൽ ഇന്ത്യൻ പുരുഷ ടീം ഇന്ന് മലേഷ്യയെ നേരിടും. ആദ്യ മത്സരത്തിൽ ചൈനയെയും തുടർന്ന് ജപ്പാനെയും ഇന്ത്യ പരാജയപ്പെടുത്തിയിരുന്നു. മികച്ച നാല് ടീമുകൾ ഈ മാസം 16

ന് നടക്കുന്ന സെമിഫൈനലിലേക്ക് യോഗ്യത നേടും. സെപ്റ്റംബർ 17 നാണ് ഫൈനൽ.

==================================

## ചെസ്

45- മത് ഫിഡെ ചെസ് ഒളിമ്പ്യാഡിന് ബുഡാപെസ്റ്റിൽ ഇന്ന് തുടക്കമാകും. 12 ദിവസം നീണ്ടുനിൽക്കുന്ന ബിനാലെയിൽ 1,800-ലധികം കളിക്കാർ പങ്കെടുക്കും. ഇന്ത്യൻ താരങ്ങളായ ഡി.ഗുകേഷ്, അർജുൻ എറിഗൈസി, ആർ.പ്രഗ്നാനന്ദാ തുടങ്ങിയവർ ചാമ്പ്യൻഷിപ്പിൽ പങ്കെടുക്കുന്നുണ്ട്. വനിതാ വിഭാഗത്തിൽ ദ്രോണവല്ലി ഹരികയുടെ നേതൃത്വത്തിലുള്ള സഖ്യമാണ് ഇന്ത്യക്കായി മത്സരിക്കുന്നത്.

RNU TVPM

==================================

## ഓഹരി - സ്വർണം

രാജ്യത്തെ ഓഹരി വിപണികൾ നേട്ടത്തിൽ വ്യാപാരം ആരംഭിച്ചു. ബോംബൈ ഓഹരി സൂചിക സെൻസെക്സ് 134 പോയിൻറ് നേട്ടത്തിൽ 82,065 ലും ദേശീയ ഓഹരി സൂചിക നിഫ്റ്റി 45 പോയിൻറ് നേട്ടത്തിൽ 25,086 ലും വ്യാപാരം പുരോഗമിക്കുന്നു. സ്വർണ വിലയിൽ വർദ്ധന. പവന് 280 രൂപ വർദ്ധിച്ച് 53,720 രൂപയും ഗ്രാമിന് 35 രൂപ വർദ്ധിച്ച് 6,715 രൂപയുമാണ് ഇന്നത്തെ വില.

==================================

## യു.എ.ഇ- പൊതുമാപ്പ്

യു.എ.ഇ യിൽ ഈ മാസം ഒന്നാം തീയതി ആരംഭിച്ച രണ്ട് മാസത്തെ പൊതുമാപ്പ് പരിപാടിക്ക് വൻ സ്വീകാര്യത. സഹായം ആവശ്യപ്പെട്ട് എത്തിയ 1,200 ലേറെ പേർക്ക് ദുബായ് കോൺസുലേറ്റ് സഹായം ലഭ്യമാക്കിയതായും 350 പേർക്ക് യാത്രാ രേഖകൾ വിതരണം ചെയ്യതായും അധികൃതർ അറിയിച്ചു. വീസാ കാലാവധി കഴിഞ്ഞവർക്കും രാജ്യത്ത് അനധികൃതമായി താമസിക്കുന്നവർക്കും താമസം നിയമവിധേയമാക്കാനോ പിഴകളില്ലാതെ സ്വദേശത്തേക്ക് തിരിച്ചുപോകാനോ സഹായിക്കുക എന്ന ലക്ഷ്യത്തിലാണ് യുഎഇ സർക്കാർ പരിപാടി സംഘടിപ്പിച്ചത്.

===================================================

===========

RNU TVPM